# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2015-16/168
DPSS (CO) RTGS No. 492/04.04.002/2015-16 September 1, 2015

RTGS - ൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളിലെ
ചെയർമാൻ / മാനേജിംഗ് ഡയറക്ടർ /
മുഖ്യ എക്സിക്യൂട്ടീവ് ഓഫീസർ

മാഡം / സർ

**RTGS സമയ ജാലകത്തിൽ വരുത്തിയ മാറ്റങ്ങൾ**

സെപ്തംബർ 1-ാം തീയതി മുതൽ നടപ്പിൽ വരുന്ന രണ്ടും നാലും ശനിയാഴ്ചകളിലെ ബാങ്ക് അവധി ദിനങ്ങളെയും, പ്രവൃത്തി ശനിയാഴ്ചകളിൽ നടത്തുന്ന ആർ ബി ഐ അനുബന്ധ സേവനങ്ങളെയും സംബന്ധിച്ച് 2015, ആഗസ്റ്റ് 28-ാം തീയതി പുറപ്പെടുവിച്ച 2015-2016 / 528-ാം നമ്പർ പ്രസ്സ് റിലീസിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. ഇതിൻപ്രകാരം, രണ്ടും നാലും ശനിയാഴ്ചകളിൽ RTGS പ്രവർത്തിക്കുന്നതല്ല. എന്നാൽ പ്രവൃത്തി ശനിയാഴ്ചകളിൽ മുഴുവൻ സമയവും പ്രവർത്തിക്കും. വരാൻ പോകുന്ന ഒരു തീയതിയിൽ മൂല്യവത്താകുന്ന (Future Value date), രണ്ടും നാലും ശനിയാഴ്ചകളിൽ RTGS വഴി നടക്കേണ്ടുന്ന ഇടപാടുകൾ ആ ശനിയാഴ്ചകളിൽ നടക്കുന്നതല്ല.

3. 2015 സെപ്തംബർ 1 മുതൽ RTGS സമയജാലകം താഴെ കാണിച്ചിരിക്കുന്ന വിധത്തിലായിരിക്കും.

| ക്രമ നമ്പർ | കാര്യസമയം (Time Event) | മാസത്തിലെ രണ്ടും നാലും ശനിയാഴ്ചകളൊഴിച്ചുള്ള സാധാരണ ദിവസങ്ങളിൽ (മറ്റു ശനിയാഴ്ചകളുൾപ്പെടെ) |
|---|---|---|
| 1. | ബിസിനസ്സ് തുടക്കം | 08.00 മണിക്ക് |
| 2. | ആദ്യത്തെ കട്ട് ഓഫ് (cut off) (കസ്റ്റമർ ഇടപാടുകൾ) | 16.30 മണിക്ക് |
| 3. | അവസാനത്തെ കട്ട് ഓഫ് (cut off) (ഇന്ററർ ബാങ്ക് ഇടപാടുകൾ) | 19.45 മണിക്ക് |
| 4. | IDL റിവേഴ്സൽ | 19.45 - 20.00 മണിവരെ |
| 5. | ദിനാന്ത്യം | 20.00 മണിക്ക് |

4. 2007 - ലെ പേയ്മെന്റ് & സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട്, സെക്ഷൻ 10(2) അനുസരിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.

5. ഇത് കൈപ്പറ്റിയ വിവരമറിയിക്കുക.

വിശ്വാസപൂർവ്വം

**നീലിമാ രംറ്റേകെ**
ജനറൽ മാനേജർ